(3541) വികലാംഗരായ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി

ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1.7.1997 മുതൽ 14.8.1998 വരെ സർവ്വീസിലുള്ള താൽക്കാലിക ജീവനക്കാരായ വികലാംഗരെ സ്ഥിരപ്പെടുത്തണമെന്ന ഉത്തരവ് തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധി ബോർഡിൽ ജോലിചെയ്യുന്ന ജീവനക്കാർക്ക് ബാധകമാണോ;

(ബി) അല്ലെങ്കിൽ ഇവർക്കുകൂടി ബാധകമാക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) പാലക്കാട് ജില്ലയിലെ കള്ളുവ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ജോലിചെയ്യുന്ന വികലാംഗരായ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ബാധകമല്ല.

(ബി)ആന്റ്(സി) ഇത് നയപരമായ ഒരു കാര്യമാണ്. ഇത് പരിശോധിക്കുന്നതാണ്.

(3545) കായംകുളം മണ്ഡലത്തിലെ വിവിധ ജലസേചന പദ്ധതികൾ

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകദേശം രണ്ടു വർഷങ്ങൾക്കുമുമ്പ് കായംകുളം മണ്ഡലത്തിലെ മേജർ ഇറിഗേഷൻ വകുപ്പ് വൻകിട കനാലുകളിലൂടെ സംരക്ഷണം, പുനരുദ്ധാരണം, ബോട്ട്ജട്ടി നിർമ്മാണം എന്നിങ്ങനെയുള്ള പണികൾ ഉൾക്കൊള്ളിച്ച് തയ്യാറാക്കി ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ച നാല് കോടിയോളം രൂപാ അടങ്കൽവരുന്ന പദ്ധതി ജലസേചന വകുപ്പ് അംഗീകരിച്ച് നടപ്പാക്കിയില്ല എന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ മാറിമാറിവന്ന രണ്ട് ജലസേചന വകുപ്പുമന്ത്രിമാരോടും സ്ഥലം എം.എൽ.എ. കത്തുകളിലൂടെയും നേരിട്ടും അപേക്ഷിച്ചിട്ടും ഈ പ്രോജക്ട് നടപ്പാക്കാത്തതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)ആന്റ്(ബി) ഉണ്ട്. കായംകുളം മണ്ഡലത്തിലെ കരിപ്പുഴ കനാൽ മലയൻ കനാൽ എന്നിവയുടെ സംരക്ഷണപ്പണികൾക്ക്വേണ്ടിയുള്ള ഒരു റിപ്പോർട്ട് ഇറിഗേഷൻ ചീഫ് എഞ്ചിനീയറുടെ ആഫീസിൽ 1997 ആഗസ്റ്റ് മാസത്തിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ കനാലുകളുടെ കരസംരക്ഷണപ്പണികൾ മാത്രമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. കൂടാതെ അവ പരിശോധനയിൽ കനാലിന്റെ ജലനിർഗ്ഗമനശേഷി കുറയ്ക്കുന്ന രീതിയിലാണ് വിഭാവനം ചെയ്തിരിക്കുന്നതെന്ന് ബോധ്യം വന്നതിനാലാണ് ഈ പദ്ധതി നടപ്പിലാക്കാൻ കഴിയാതെ വന്നത്. ആവശ്യമായ എല്ലാ ഭേദഗതികളും ഉൾപ്പെടുത്തി

LIBRARY ARCHIVES Kerala Legislative Assembly